**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി സി എൻ വത്സലയുടെ 06.12.2000 മുതൽ 16.10.2001 വരെയുള്ള 315 ദിവസത്തെ അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.1952/2016/തസ്വഭവ . തീയതി, തിരുവനന്തപുരം, 20/6/2016

പരാമർശം: 1. ശ്രീമതി സി എൻ വത്സലയുടെ 04.05.2015 ലെ അവധിയപേക്ഷ

2. പഞ്ചായത്ത് ഡയറക്ടറുടെ 17.04.2016 ലെ ഇ 5-17240/2015 നമ്പർ കത്ത്

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി സി എൻ വത്സലയുടെ 06.12.2000 മുതൽ 16.10.2001 വരെയുള്ള 315 ദിവസത്തെ അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കുന്നതിന് ടിയാൾ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി സി എൻ വത്സല 12.08.1987 ൽ എൽഡിസി ആയി സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് ii ആയി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ എൽഡിസി ആയി തരംതാഴ്ത്തി ഉത്തരവായതിനെത്തുടർന്ന് 05.12.2000 പൂർവ്വാഹ്നത്തിൽ ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നെങ്കിലും സേവനത്തിൽ പ്രവേശിക്കാതെ 06.12.2000 മുതൽ 16.10.2001 വരെ ടിയാൾ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും തുടർന്ന് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കുകയായും ചെയ്തതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിലാണ് ശ്രീമതി സി എൻ വത്സലയുടെ 06.12.2000 മുതൽ 16.10.2001 വരെയുള്ള 315 ദിവസത്തെ അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിച്ചത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് ശ്രീമതി സി എൻ വത്സലയുടെ 06.12.2000 മുതൽ 16.10.2001 വരെയുള്ള 315 ദിവസത്തെ അനധികൃത ഹാജരില്ലായ്മ കെ. എസ്. ആർ, ഭാഗം 1. ചട്ടം (88)(i) പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നി

ആനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ശ്രീകല സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്, ഇടുക്കിപഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി സി എൻ വത്സല, മുൻ സീനിയർ ക്ലാർക്ക്, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്,
ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/98/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം
Sd/-
സെക്ഷൻ ഓഫീസർ